No. CEE/4600/2019/KEAM-2020/TA3

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001

# വിജ്ഞാപനം

## എം.ബി.ബി.എസ്കോഴ്സിലേക്കുള്ള പ്രവേശനം–2020
## ഒഴിവുള്ളഎൻ.ആർ.ഐ സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച്

2020–21 അദ്ധ്യയന വർഷം ഏതാനും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നില നിൽക്കുന്ന എൻ.ആർ.ഐ കാറ്റഗറി സീറ്റുകൾ നികത്തുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പുതുതായി ഉൾപ്പെടുത്തുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പുതുതായി ഉൾപ്പെടു ത്തിയ വിദ്യാർത്ഥികളെകൂടി പരിഗണിച്ചുള്ള പുതുക്കിയ എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റ ്വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എൻ.ആർ.ഐ കാറ്റഗറിലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടില്ലാത്തതുമായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സാധ്യതാലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ താത്പര്യമുള്ള പക്ഷം ഒഴിവുകൾ നിലനിൽക്കുന്ന കോളേജു കളുമായി ബന്ധപ്പെട്ട് 01.01.2021 ന് വൈകുന്നേരം 4.00 മണിയ്ക്ക് മുമ്പ് പ്രവേശനം നേടേണ്ട താണ്. 01.01.2021ന് വൈകുന്നേരം 4.00 മണിയ്ക്കു ശേഷവും എൻ.ആർ.ഐ സീറ്റിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം പ്രസ്തുത ഒഴിവുകൾ സ്റ്റേറ്റ്മെറിറ്റ് സീറ്റുകളായി പരിവർത്തനം ചെയ്ത് അലോട്ട്മെന്റിന് ലഭ്യമാക്കുന്നതാണ്.ഇതു സംബന്ധിച്ച് വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29.12.2020